# അടുക്കളയിൽ ഒതുങ്ങുന്ന ലോകം

കുശലാ രാജേന്ദ്രൻ

"എന്റെ ഭർത്താവിന് കാലത്തു കഴിക്കാൻ ദോശയും ഇഡ്ഡലിയും ഒന്നും ഇഷ്ടമല്ല. റൊട്ടി കൊടുക്കേണ്ടതെങ്ങനെ എന്ന് എനിക്കറിഞ്ഞുകൂട. ജാം ആണോ വെണ്ണയാണോ നല്ലത്?''

ഒരു പ്രമുഖ വാരികയുടെ ചോദ്യോത്തരപംക്തിയിൽ ഈ അടുത്തകാലത്തു പ്രത്യക്ഷപ്പെട്ട ഒരു ചോദ്യമാണ് മുകളിൽ കൊടുത്തിട്ടുള്ളത്. ഇത് ഒരു ഒററപ്പെട്ട ചോദ്യമല്ല. റൊട്ടി കൊടുക്കേണ്ടതെങ്ങനെ എന്നാണ് ചിലക്കു സംശയമെങ്കിൽ ഭർത്താവിന് ഉച്ചയൂണിന് എന്തൊക്കെ കൊടുക്കണം എന്നാണു മററു ചിലരുടെ സംശയം. ഇത്തരം ചോദ്യങ്ങൾ ഉദ്യോഗമില്ലാതെ വീട്ടിലിരിക്കുന്ന, സാധാരണ വീട്ടമ്മമാരിൽ നിന്നാണ് പൊതുവെ ഉണ്ടാകാറ്. ഭർത്താവിന്റേയും കുട്ടികളുടേയും ആരോഗ്യ പരിപാലനത്തിനപ്പുറം ഒരു ലോകം ഇല്ല എന്ന മട്ടിലാണ് പലരുടേയും സംശയങ്ങളുടെ പോക്ക്.

ഈ അവസ്ഥ പൂർണ്ണമായും അവരുടെ സൃഷ്ടിയല്ല. ഒരു സാധാരണ വീട്ടമ്മയുടെ ലോകം വീടും അടുക്കളയും, കൂടിപ്പോയാൽ അയൽപക്കത്തെ വീടുമാണെന്ന ധാരണയാണ് ഇന്നു നിലവിലുള്ളത്. ഈ ചുരുങ്ങിയ ലോകത്തിൽ ജീവിക്കുന്നവക്ക് ബാഹ്യലോകവുമായി ബന്ധം പുലർത്തേണ്ടിവരുന്ന സന്ദർഭങ്ങൾ വിരളമാണ്. ഭർത്താവും കുട്ടികളും മാത്രമടങ്ങുന്ന ചെറിയ ലോകത്തിൽ ഒതുങ്ങിക്കഴിയുന്ന സ്ത്രീകൾക്ക് മേല്പറഞ്ഞ വിധത്തിലുള്ള ചോദ്യങ്ങളല്ലാതെ മറെറന്താണ് ചോദിക്കാനുണ്ടാവുക?

ഒരിക്കൽ വിവാഹംകഴിക്കാൻ പെൺകുട്ടിയെ അന്വേഷിച്ചുനടന്ന ഒരു സുഹൃത്തുമായി ഭാര്യക്കു വേണ്ട യോഗ്യതകളെപ്പററി ദീർഘമായ ചർച്ചകൾ നടത്തുവാനിടയായി. സുഹൃത്തിനാവശ്യം ഉദ്യോഗസ്ഥയല്ലാത്ത ഒരു സ്ത്രീയെയായിരുന്നു.

അപ്പോൾ നിങ്ങളുടെ സാമ്പത്തിക ഭദ്രതയോ? ഞാൻ ഒരു സംശയം ഉന്നയിച്ചു.

അത് ഒരുവശം മാത്രമാണെന്നായിരുന്നു അയാളുടെ മറുപടി. അതിനെക്കാൾ പ്രധാനമായി അയാൾ കണ്ടത് മററുചില കാര്യങ്ങളാണ്. സുഹൃത്തിനാവശ്യം വീട്ടുകാര്യങ്ങൾ നേരാംവിധം നടത്താൻ കഴിവുള്ള ഒരു നല്ല വീട്ടമ്മയെയായിരുന്നു. വൈകുന്നേരങ്ങളിൽ ഓഫീസിൽനിന്നു തളർന്നെത്തുമ്പോൾ ചൂടു ചായയുമായി കാത്തിരിക്കുന്ന ഭാര്യ സുഖമുള്ള ഒരു സങ്കല്പം തന്നെയാണ്. ഒരു എം. എസ്‌സിക്കാരിയെ കല്യാണം കഴിച്ച് അയാൾ ആ സുഖം ഇന്ന് അനുഭവിക്കുന്നുണ്ട്. ആദ്യപ്രസവത്തിൽത്തന്നെ ഇരട്ടകളുടെ മാതാവായ ആ പെൺകുട്ടി ഒരു നല്ല വീട്ടമ്മയായി കഴിയുന്നു. അവരുടെ വിദ്യാഭ്യാസയോഗ്യതയും മററു കഴിവുകളും എല്ലാം മററാർക്കും പ്രയോജനപ്പെടാതെ പോകുന്നു എന്നുമാത്രം. സുഹൃത്തിന്റെ സ്വപ്നം യാഥാർത്ഥ്യമാകുവാൻ എത്രമാത്രം ത്യാഗം വേണ്ടിവന്നു! ഇത്തരം കഥകൾ എത്ര വേണമെങ്കിലും പറയാനുണ്ടാകും. ഉയർന്ന വിദ്യാഭ്യാസയോഗ്യതകളുള്ള പെൺകുട്ടികളെ തേടിപ്പിടിച്ചു കല്യാണംകഴിക്കുന്ന പലരും തങ്ങളുടെ ഭാര്യമാരെ ഉദ്യോഗത്തിനുവിടാൻ തയ്യാറല്ല. പ്രത്യേകിച്ചൊന്നും ചെയ്യാനില്ലാതെ പുറംലോകവുമായി കാര്യമായ ബന്ധമില്ലാതെ വ്യക്തിത്വവികാസത്തിനു മതിയായ ഉപാധികൾ കണ്ടെത്താനാകാതെ മുരടിച്ചുപോകുന്ന എത്രയോ സ്ത്രീകളുണ്ട് നമ്മുടെ സമൂഹത്തിൽ! അവരുടെ സ്വകാര്യദുഃഖങ്ങളിലേക്കിറങ്ങിച്ചെല്ലൂ. അപ്പോൾ മനസ്സിലാകും, ആ ദുഃഖങ്ങൾ സൃഷ്ടിക്കുന്നത് മററാരുമല്ല; ഈ സമൂഹംതന്നെയാണെന്ന്!

## പ്രശ്നങ്ങൾ മനസ്സിലാക്കുക

വീട്ടമ്മമാരുടെ പ്രശ്നങ്ങളിലേക്കിറങ്ങിച്ചെന്ന് അവയോട് അനുഭാവപൂർവ്വം പ്രതികരിക്കുവാൻ കാര്യമായ ശ്രമങ്ങളൊന്നും നടത്താറില്ല എന്നതാണു സത്യം. 'വിമെൻസ്‌ലിബ്' എന്നൊക്കെപറഞ്ഞ് ബഹളംകൂട്ടുന്ന വനിതാ സംഘടനകൾപോലും വീട്ടമ്മമാരുടെ പ്രശ്നങ്ങൾ വേണ്ടവിധം മനസ്സിലാക്കിയിട്ടില്ല എന്നതു ഖേദകരമാണ്. ഒരു ഉദാഹരണം പറയട്ടെ. സ്ത്രീകളുടെ വായനാശീലത്തിലുള്ള കുറവുകളെപ്പററി ഈ അടുത്ത കാലത്ത് ഒരു പ്രമുഖ വനിതാ സംഘടനയുടെ ചില പ്രവർത്തകർ എഴുതിക്കണ്ടു. കുറെ നല്ല പുസ്തകങ്ങളുമായി വീട്ടമ്മമാരെ സമീപിച്ചപ്പോൾ ഉണ്ടായ അനുഭവങ്ങളായിരുന്നു പ്രസ്തുത ലേഖനത്തിൽ. (വായിച്ചു തുടങ്ങുവാൻ കൊസാംബിയുടെ 'മിത്തും യാഥാർത്ഥ്യവും' തുടങ്ങിയ മുന്തിയ പുസ്തകങ്ങൾ തന്നെയാണ് സംഘടനക്കാർ കൊണ്ടുപോയത് എന്നത് പ്രത്യേകം ശ്രദ്ധേയമാണ്.) വീടുവീടാന്തരം കയറിയിറങ്ങിയിട്ട് ഒരൊററ പുസ്തകംപോലും ചെലവായില്ലത്രേ! വല്ല 'കാന'മോ 'മുട്ടത്തു വർക്കി'യോ ആയിരുന്നെങ്കിൽ സ്ഥിതി മറിച്ചാകുമായിരുന്നു എന്നു വ്യക്തം.

ഈ സ്ഥിതിയിൽ സംഘടനയ്ക്കുള്ള ഉൽക്കണ്ഠ ലേഖനത്തിൽ തെളിഞ്ഞു കണ്ടു. കൊസാംബികൃതികളുടെ കാര്യം പോട്ടെ. ഉന്നതനിലവാരം പുലർത്തുന്ന പത്രമോ വാരികയോ വായിക്കാൻ പോലും നമ്മുടെ വീട്ടമ്മമാർ സമയം കണ്ടെത്താറില്ലല്ലോ. ഈ സ്ഥിതി എങ്ങനെയുണ്ടായി എന്ന് സംഘടനയുടെ പ്രവർത്തകർ അന്വേഷിച്ചുവോ? വീടുകൾ തോറും കയറിയപ്പോൾ വീട്ടമ്മമാരുമായി ഒരു തുറന്ന ചർച്ച നടത്തുവാൻ, അവരുടെ സ്വകാര്യദുഃഖങ്ങൾ പുറത്തു കൊണ്ടുവരുവാൻ ഇവർ ശ്രമിച്ചുവോ? ഇല്ല എന്നു വേണം ലേഖനത്തിൽ നിന്നു മനസ്സിലാക്കുവാൻ.

അറിവിനുവേണ്ടിയല്ല, മാനസോല്ലാസത്തിനുവേണ്ടിയാണ് മിക്കവാറും സ്ത്രീകൾ വായിക്കുന്നത്. ഓരോ പുസ്തകവും ഓരോ അനുഭവമാകണമെന്ന നിഷ്കർഷയൊന്നും അവർക്കില്ല. അഥവാ അത്തരം അനുഭവങ്ങൾ അവർക്കാവശ്യമില്ലാത്തതാണ്. തങ്ങളുടെ ജീവിതാനുഭവങ്ങളുമായി ബന്ധം പുലർത്തുന്ന കഥകളും നോവലുകളുമൊക്കെ തിരഞ്ഞുപിടിച്ചു വായിക്കുവാനാണ് ഇവക്കു താല്പര്യം. ഇതു മനസ്സിലാക്കി ഒരു കൂട്ടർ പുസ്തകങ്ങളും വാരികകളും പുറത്തിറക്കുന്നു. പല വീട്ടമ്മമാർക്കും ഇഷ്ടംപോലെ വായിക്കാൻ സമയം കിട്ടാറില്ല എന്നോർക്കുക. വീട്ടുജോലികളും മററുപ്രാരാബ്ധങ്ങളും കഴിഞ്ഞ് ഒന്നു സ്വസ്ഥമായിരുന്നിട്ടു വേണ്ടേ വായിക്കാൻ?

ഇത്തരം സാഹചര്യങ്ങളിൽ അവരെ കുററപ്പെടുത്തുന്നതിൽ അർത്ഥമില്ല എന്നു ചൂണ്ടിക്കാണിക്കുന്നതിനാണ് ഇത്രയും പറഞ്ഞത്. ഉൽക്കൃഷ്ടഗ്രന്ഥങ്ങൾ വായിക്കാത്തതിന് അവരെ കുററപ്പെടുത്തുകയല്ല, മറിച്ച് എന്തുകൊണ്ട് അവരതു വായിക്കുവാൻ തയ്യാറാകുന്നില്ല എന്ന് അന്വേഷിക്കുകയാണു വേണ്ടത്. ''സ്ത്രീപുരുഷസമത്വം'' ഒരു പ്രത്യയശാസ്ത്രമായി അംഗീകരിച്ചിട്ടുള്ള വനിതാ

**മിക്ക മാതാപിതാക്കളും ശാരീരികമായ ആവശ്യങ്ങളെ നിർവ്വഹിച്ചു കഴിഞ്ഞാൽ തങ്ങളുടെ കടമ കഴിഞ്ഞു എന്നു വിചാരിക്കുന്നവരാണ്.**



ല്ലെങ്കിൽ അവയുടെ ജീവിതംതന്നെ മുരടിച്ചുപോകും. അഞ്ചുവയസ്സുവരെ കുട്ടികളെ മാതാപിതാക്കളിൽനിന്നും അകററി, ബോർഡിങ് സ്കൂളിലോ, ബന്ധുവീടുകളിലോ നിറുത്താൻ ഇടയാവരുത്.

മിക്ക മിതാപിതാക്കളും കുട്ടിയുടെ ശാരീരികമായ ആവശ്യങ്ങളെ നിർവ്വഹിച്ചുകഴിഞ്ഞാൽ തങ്ങളുടെ കടമ കഴിഞ്ഞു എന്ന് വിചാരിക്കുന്നവരാണ്. എന്നാൽ അവരുടെ മാനസിക വളർച്ചയ്ക്ക് പോഷണം നല്കുന്നതായ എന്തെങ്കിലും പ്രവൃത്തികൾ തങ്ങൾ ചെയ്യുന്നുണ്ടോയെന്ന് ഒരിക്കൽപോലും അവർ ചിന്തിക്കുന്നില്ല. കുട്ടികൾക്ക് സ്വന്തമായ വ്യക്തിത്വം വളർത്തിയെടുക്കാനിട കൊടുക്കുന്നയത്ര സ്വാതന്ത്ര്യവും, അമിതമല്ലാത്ത ലാളനയും, ക്രൂരമല്ലാത്ത ശിക്ഷണവും നല്കുന്നതിന് മാതാപിതാക്കൾക്ക് കഴിയണം. എപ്പോഴും നിഷേധരീതിയിലുള്ള സമീപനം, കുട്ടികളുടെ മനസ്സിനെ മുരടിപ്പിക്കും. കുട്ടിയുടെ ആത്മവിശ്വാസം കുറയുവാനും, ലോകത്തെക്കുറിച്ചുതന്നെ ഭയം കലർന്ന ഒരു സങ്കല്പം വളർത്തിയെടുക്കാനും മാത്രമേ ഉപകരിക്കൂ. അങ്ങനെയുള്ള കുട്ടികൾ മുതിരുമ്പോൾ എല്ലാററിനെയും വെറുക്കുന്നവരായും, അനുസരണയില്ലാത്തവരായും മാറിയാൽ അതിൽ അദ്ഭുതപെടാനില്ല.

കുട്ടികളുടെ നല്ല പ്രവൃത്തികളിൽ സന്തോഷം പ്രകടിപ്പിക്കുകയും അവരെ അനുനന്ദിക്കുകയും വേണം. എന്നാൽ തെററായ പ്രവൃത്തികളിൽനിന്ന് സ്നേഹപൂർവ്വം ഉപദേശിച്ച് അവരെ പിൻതിരിപ്പിക്കാൻ ശ്രമിക്കുകയാണ് വേണ്ടത്. പ്രായത്തിനനുസരിച്ചുള്ള ഉത്തരവാദിത്വവും, സ്വാശ്രയശീലവും, ബഹുമാനവും കുട്ടികൾക്ക് കൊടുക്കേണ്ടതും വളരെ ആവശ്യമുള്ളതാണ്. നമ്മുടെ കുട്ടി എന്നും കൊച്ചുകുഞ്ഞായിരിക്കുവാൻ നാം ആഗ്രഹിക്കുന്നുവെങ്കിലും, അവന്റെ വളർച്ചയുടെ ഓരോ ഘട്ടങ്ങളേയും കണക്കിലെടുത്ത് അതിനനുസൃതമായി അവന് സ്വാതന്ത്ര്യവും, സ്വകാര്യതയും നൽകണം.

ഓരോ വ്യക്തിയും മററുള്ളവരിൽനിന്ന് വ്യത്യസ്തനാണ്. അതുകൊണ്ട് ഓരോകുട്ടിക്കും അവന്േറതായ പ്രത്യേകതകൾ ഉണ്ടായിരിക്കും. മററുകുട്ടികളുമായി താരതമ്യപ്പെടുത്തുകയോ, അങ്ങനെയാകാത്തതിന് അവനെ പഴിക്കുകയോ ചെയ്യരുത്. നാം സ്വയം വിശകലനം ചെയ്തുനോക്കുക. നാം മററുള്ളവരിൽനിന്ന് എത്രമാത്രം ഭിന്നരാണ്. അതുപോലെ തന്നെ കുട്ടികൾക്കും അവരുടേതായ വ്യക്തിത്വം ഉണ്ട്. അതിൽനിന്ന് വ്യതിചലിക്കുവാൻ അവർക്ക് കഴിയില്ല. അതിന് നാമവരെ പ്രേരിപ്പിച്ചാൽ കടുത്ത മാനസികാഘാതത്തിലാവും അത് കലാശിക്കുക.

സദാ കുററപ്പെടുത്തലും, ഉപദേശങ്ങളുമായിരിക്കുന്ന അമ്മയെ വകവയ്ക്കാതിരിക്കാൻ കുട്ടികൾ പഠിക്കുകയും, ക്രമേണ അമ്മയോട് അവഗണനയും വെറുപ്പും കാട്ടുകയും ചെയ്യും. കുട്ടികളുടെ ചില്ലറ കുരുത്തക്കേടുകളൊക്കെ കണ്ടില്ലെന്നു നടിച്ചാൽ ക്രമേണ അവരതുപേക്ഷിക്കും.

ഇളയ കുട്ടിയുണ്ടാകുമ്പോൾ മൂത്തകുട്ടി, ദുഃശാഠ്യങ്ങളും അന്നുവരെ കാട്ടാത്ത തരത്തിലുള്ള വാശിയും കാണിക്കാറുണ്ട്. അസൂയ നിമിത്തം ഇളയകുട്ടിയെ ഉപദ്രവിക്കുകയും സാധാരണമാണ്. ഇത് തികച്ചും സ്വാഭാവികമായ ഒരു പെരുമാററമാണ്. തനിക്ക് ലഭിച്ചിരുന്ന സ്നേഹവും ലാളനയും ശ്രദ്ധയും കുറഞ്ഞുപോയി എന്ന തോന്നൽ കൊണ്ടാണ് കുട്ടി ഈവിധം പെരുമാറുന്നത്. ആ തോന്നലിനിട കൊടുക്കാത്ത തരത്തിൽ മൂത്ത കുട്ടിക്ക് സ്നേഹവാത്സല്യങ്ങൾ പകർന്നാൽ ഈ സ്വഭാവം അവനാവർത്തിക്കുകയില്ല. അതിനായി രണ്ടാമത്തെ പ്രസവത്തിനു മുൻപേതന്നെ അച്ഛനമ്മമാർ കുട്ടികളെ തയ്യാറാക്കണം. ''കുഞ്ഞിന് കൂടെകളിക്കാൻ ഒരു കുഞ്ഞുവാവ വരുന്നുണ്ട്,'' എന്നു പറഞ്ഞ് അവനെ ആ യാഥാർത്ഥ്യം മനസ്സിലാക്കിക്കുക. നോക്കൂ, അതിന് പല്ലില്ല, നടക്കാൻ വയ്യ, മോനെപ്പോലെ പാട്ടു പാടാനും ഒന്നും വയ്യ. പാവം, മോൻ ഈ വാവയെ നോക്കണം കേട്ടോ എന്ന് അവനിൽഉത്തരവാദിത്വബോധംഉളവാക്കിയാൽ അധികം പ്രശ്നങ്ങളുണ്ടാകാതെ കഴിക്കാം. രണ്ടാമത്തെ കുഞ്ഞിന്റെ കാര്യങ്ങളിൽ അമ്മയെ സഹായിക്കാനും, അതിന്റെ കൂടെ ദയയോടെ പെരുമാറാനും അവനെ പഠിപ്പിക്കുക. ഈ കുഞ്ഞിനെ കൊണ്ടുപോയി കള, നമുക്കു വേണ്ട എന്ന് വാശിപിടിക്കുന്ന ഒരു മൂന്നര വയസ്സുകാരനെ തല്ലിയതുകൊണ്ടോ ശകാരിച്ചതുകൊണ്ടോ നിങ്ങൾ വിചാരിച്ച പ്രയോജനം കിട്ടില്ല. എന്നു മാത്രമല്ല, ആ ദേഷ്യവും കൂടെ അവൻ കുഞ്ഞിന്റെ നേർക്ക് തിരിച്ചുവിടും. പ്രസവത്തിനു മുൻപേതന്നെ, മെല്ലെ മെല്ലെ അമ്മയിൽനിന്ന് കുറച്ചു മാററാൻ ശ്രമിക്കുക. അവന്റെ കാര്യങ്ങളിൽ അച്ഛൻ കൂടുതൽ ശ്രദ്ധകാട്ടുകയും വീട്ടിൽനിന്ന് കുറച്ചുനേരത്തേക്ക് കുട്ടിയെ മാററിനിറുത്തുകയും വേണം. മററു കുട്ടികളുമായി ചേർന്ന് കളിക്കുന്നതിനും, കളിപ്പാട്ടങ്ങളിൽ രസം കണ്ടെത്തുന്നതിനും അങ്ങനെ പ്രോത്സാഹിപ്പിക്കുക. അമ്മ ഇളയ കുഞ്ഞിന് മുലകൊടുക്കുന്നതു കാണുമ്പോഴാണ് കുട്ടികൾ ഏററവും വിരോധം കാണിക്കുന്നത്. ആ സമയത്ത് മുതിർന്ന കുട്ടിക്കും ഗ്ലാസിൽ പാലു് അച്ഛനോ അമ്മയോ പിടിച്ചു കൊടുക്കുക. അവൻ കുടിക്കുന്നതിന് അവനെ അഭിനന്ദിക്കുക. ഇടയ്ക്കിടെ അമ്മ മൂത്ത കുട്ടിയെയും അടുത്തുവിളിച്ചു ലാളിക്കുകയും താരാട്ടുപാടി ഉറക്കുകയും അവൻ എത്ര മിടുക്കൻ കുഞ്ഞാണെന്ന് പറയുകയും ചെയ്താൽ തന്റെ നല്ല പെരുമാററത്തിൽ അവനു തന്നെ അഭിമാനം തോന്നുകയും, ഇളയകുഞ്ഞിനെ ക്രമേണ സ്നേഹത്തോടെ അംഗീകരിക്കുന്നതിന് തയ്യാറാവുകയും ചെയ്യും.

ഏററവും പ്രധാനപ്പെട്ട ഒരു കാര്യം, കുട്ടികൾക്ക് ഒരാൾ മാതൃകയായിരിക്കുകയെന്നതാണ്. സ്നേഹവും സഹകരണ മനോഭാവവുമില്ലാത്ത ഒരു കുടുംബത്തിൽ വളർന്നുവരുന്ന ഒരു കുട്ടി, അന്തർമുഖനോ, തികഞ്ഞ തെമ്മാടിയോ ആയി വളർന്ന്വന്നെന്നിരിക്കും. വീട്ടിൽ നിരന്തര കലഹവും ദേഹോപദ്രവങ്ങളും കണ്ടു വളരുന്ന കുട്ടി, മാനസിക രോഗിയോ അക്രമാസക്തനോ ആയാൽ അതിൽ അദ്ഭുതപ്പെടാനില്ല. കുഞ്ഞുങ്ങൾക്ക് ആരോഗ്യവാന്മാരായി വളർന്നുവരാനുള്ള ശാരീരിക മാനസിക അവസ്ഥകൾ കുടുംബങ്ങളിൽ സംജാതമാക്കുകയും, ദയാ സ്നേഹം, പരസ്പര സഹായം, സ്വാശ്രയശീലം, സേവന മനഃസ്ഥിതി, ഭൂതദയ മുതലായ സത്ഗുണങ്ങൾ അവരെ പ്രവൃത്തിയിലൂടെ പരിശീലിപ്പിക്കുകയും ചെയ്യുക. നിങ്ങൾക്ക് മിടുക്കന്മാരും സൽസ്വഭാവികളുമായ കുഞ്ഞുങ്ങളെ കിട്ടണമെന്ന് നിങ്ങളാഗ്രഹിക്കുന്നു. എന്നാൽ അതർഹിക്കുന്ന ഒരു രക്ഷാകർത്താവാണോ നിങ്ങൾ എന്ന് സ്വയം പരിശോധിക്കുക.

'സംഘടനയ്ക്കുതന്നെ കഴിയുന്നില്ലെങ്കിൽ മററാർക്കാണു കഴിയുക?

## ഒഴിവുസമയങ്ങളിലെ വിരസത

വിരസതയാണ് പല വീട്ടമ്മമാരുടെയും പ്രശ്നം. അതിരാവിലെ വീടുവിട്ടിറങ്ങുന്ന ഭർത്താവ്. മൂന്നരവയസ്സാകുമ്പോഴെ നഴ്സറിയിൽ പോയിത്തുടങ്ങുന്ന മക്കൾ. നഗരത്തിലെ പല വീട്ടമ്മമാരുടെയും പകൽ വിരസമാണ്. മിക്സിയും, ഫ്രിഡ്ജും ഒക്കെ എത്തിയതോടെ ഇത്തരം കുടുംബങ്ങളിൽ പാചകം വളരെ എളുപ്പമായി. രണ്ടോ മൂന്നോ മണിക്കൂറിലധികം അടുക്കളയിൽ ചെലവഴിക്കേണ്ടിവരുന്നില്ല എന്നാണ് പല സ്ത്രീകളുടെയും അഭിപ്രായം. ബാക്കിയുള്ള സമയം എന്തുചെയ്യുന്നു? പല സ്ത്രീകൾക്കും ഈ ചോദ്യത്തിനു വ്യക്തമായ ഉത്തരമില്ല. ചിലരൊക്കെ അല്പം തയ്യലും, ചില്ലറ 'ഗാർഡനിങ്ങു'മൊക്കെയായി സമയം കളയും. അപൂർവ്വം ചിലർ വീട്ടിലിരുന്നു ചെയ്യാവുന്ന ജോലികൾ സ്വീകരിക്കും. എന്നാൽ ഭൂരിപക്ഷംപേരും വെറുതെ വീട്ടിലിരുന്നു ബോറടിക്കുകയാണ്. ഇതിൽ നല്ലൊരു പങ്ക് ഉയർന്ന വിദ്യാഭ്യാസയോഗ്യതയുള്ളവരാണെന്നോർക്കുക.

നാട്ടിൻപുറത്ത് വലിയ തൊടിയും മററുമുള്ള വീടുകളിൽ വല്ല കൃഷിപ്പണിയെങ്കിലും ചെയ്യാമായിരുന്നു. ഇപ്പോൾ നഗരത്തിൽ ഒരു മുററംപോലുമില്ലാത്ത ചെറിയ വീട്ടിൽ ഒരു ചീരത്തൈ നടാൻ സ്ഥലമില്ല. ഇവിടെ എന്തുചെയ്യാൻ? പലസ്ത്രീകളും ഇടനേരങ്ങൾ അയൽപക്കത്തെ സ്ത്രീകളുമായി 'വെടിപറഞ്ഞ്'' കഴിച്ചുകൂട്ടുന്നു. അല്ലെങ്കിൽ 'പൈങ്കിളി'യിൽ അഭയംതേടുന്നു.

അല്പം ബുദ്ധിമുട്ടിയിട്ടാണെങ്കിലും ഇംഗ്ലീഷ് നോവൽ വായിക്കാനൊരുങ്ങിയ ഒരു വീട്ടമ്മ അതോർത്തു പൊട്ടിച്ചിരിച്ചുപോയി. ''അറിഞ്ഞുകൂടാത്തതൊക്കെ പറഞ്ഞുതരാൻകൂടി ആരുമില്ല. തനിച്ചിരുന്നുള്ള ഇംഗ്ലീഷുവായന മതിയായി. അതോടെ നിർത്തി ഇംഗ്ലീഷു പഠിപ്പ്!''

എന്തെങ്കിലുമൊക്കെ ചെയ്യാനുള്ള ആഗ്രഹം അവരിലും ഉണ്ട് എന്നതിന്റെ തെളിവാണ് ഈ ഉദ്യമങ്ങൾ. ഇവയിൽനിന്നു, മുതലെടുക്കാൻ ആർക്കെങ്കിലും കഴിയുമെങ്കിൽ അതു് നമ്മുടെ വനിതാസംഘടനകൾക്കു മാത്രമാണ്. ഉൽകൃഷ്ടഗ്രന്ഥങ്ങൾ വായിക്കാത്തതിന് അവരെ കുററപ്പെടുത്തുകയല്ല, മറിച്ച് സാമൂഹ്യപ്രസക്തിയുള്ള പ്രശ്നങ്ങളെക്കുറിച്ച് അവരെ കൂടുതൽ ബോധമുള്ളവരാക്കിത്തീർക്കുകയാണു വേണ്ടതു്. പ്രശ്നങ്ങളിലേക്ക് സ്ത്രീകളെ കൂടുതലായി ഉൾപ്പെടുത്തുകമൂലം മാത്രമേ ഇതു സാധിക്കൂ. ഉദാഹരണത്തിനു് നമ്മുടെ 'കൺസ്യൂമർ ഗൈഡൻസ് സൊസൈററി'കളുടെ കാര്യമെടുക്കുക. ഇവയുമായി ബന്ധപ്പെട്ട് ഏററവും ഫലവത്തായി പ്രവർത്തിക്കാൻ കഴിയുന്നതു് വീട്ടമ്മമാർക്കാണ്. ഇത്തരത്തിലുള്ള യഥാർത്ഥ പ്രശ്നങ്ങളെ അവർക്കു മനസ്സിലാക്കിക്കൊടുക്കുകയും അവരെ കർമ്മോന്മുഖരാക്കുകയും ചെയ്യുക എന്ന ജോലിയാണ് വനിതാസംഘടനകൾ വീട്ടമ്മമാക്കുവേണ്ടി ആദ്യം ചെയ്യേണ്ടതു്. ഇത്തരം രംഗങ്ങളിലേക്കിറങ്ങുമ്പോൾ അവരുടെ വ്യക്തിത്വവും വായനാശീലവുമെല്ലാം വളർന്നുകൊള്ളും.

## ഏറിവരുന്ന അന്യഥാത്വം

മക്കളിൽ നിന്നുപോലും ഒററപ്പെടുന്നതായി തോന്നുന്നു എന്നു് ബിരുദധാരിണിയായ ഒരമ്മ വേദനയോടെ പറഞ്ഞു. പകലൊക്കെ സ്കൂളിൽ കഴിയുന്ന കുട്ടികൾ വീടെത്തിയാൽ പുസ്തകങ്ങളിലേക്കു തിരിയും. അച്ഛനും അമ്മയും വിദ്യാഭ്യാസയോഗ്യതയുള്ളവരാണെങ്കിലും കുട്ടികൾ പൊതുവെ അച്ഛന്റെ വ്യക്തിത്വത്തോടാണ് കൂടുതൽ ആകർഷിക്കപ്പെടാറു്. സംശയങ്ങൾ തീർത്തുകൊടുക്കുന്നതും പുതിയ അറിവുകൾ പകർന്നുകൊടുക്കുന്നതും പൊതുവെ അച്ഛന്റെ ജോലിയാണല്ലോ. കുട്ടികൾ പ്രായമാകുന്നതോടെ അവർക്ക് അവരുടേതായ താല്പര്യങ്ങളും ഉണ്ടാകുക സ്വാഭാവികമാണ്. എല്ലാ കാര്യങ്ങൾക്കും അമ്മയെ ആശ്രയിക്കുന്ന ബാല്യംവിട്ട്, എല്ലാം സ്വന്തമായി ചെയ്യുന്ന കൗമാരത്തിലേക്കു കടക്കുന്നതോടെ അമ്മ ഒററപ്പെട്ടുതുടങ്ങുന്നു. കുട്ടികൾക്കുവേണ്ടി തനിക്കൊന്നും ചെയ്യാനില്ല എന്ന തോന്നൽ ക്രമേണ അവരിൽ വളരുന്നു. പഠനവും കളികളും കഴിഞ്ഞാലും നേരംപോക്കിന് അനേകം സാദ്ധ്യതകളുള്ള ഇക്കാലത്തു് പല അമ്മമാർക്കും കുട്ടികൾ തങ്ങളിൽനിന്നകലുന്നതായി തോന്നും. വളർച്ചയുടെ സ്വാഭാവിക മാററമായി ഇവയൊക്കെ അംഗീകരിക്കാൻ പക്വമതികളായ പല അമ്മമാർക്കും കഴിയുമെങ്കിലും കൂടുതൽ പേർക്കും ഒരുതരം അന്യഥാത്വമനുഭവപ്പെടുകയാണുണ്ടാവുക. കുട്ടികളുമായും, ഭർത്താവുമായും വളർന്നുവരുന്ന ''കമ്മ്യൂണിക്കേഷൻ ഗ്യാപ്'' പല അമ്മമാരുടെയും നിശ്ശബ്ദ ദുഃഖമാണ്.

ഭർത്താവൊന്നിച്ചു ചെലവഴിക്കാൻ സമയം തീരെ കിട്ടുന്നില്ല എന്നാണു ചില ഭാര്യമാരുടെ പരാതി. വൈകുന്നേരംവരെ ഓഫീസിൽ ചെലവിട്ട്, ക്ഷീണിച്ചു വീട്ടിലെത്തുന്ന ഭർത്താവിനു് വിശ്രമമാണാവശ്യം. അദ്ദേഹം പത്രമോ, മാസികയോ കൈയിലെടുത്തു വായനയിൽ മുഴുകുന്നു. അല്ലെങ്കിൽ ടി. വി.യുടെ മുന്നിൽ. ദിവസം മുഴുവൻ വീട്ടിലിരുന്നു ബോറടിക്കുന്ന ഭാര്യക്കു് ഒന്നു് പുറത്തിറങ്ങി നടക്കാനോ ഭർത്താവൊന്നിച്ചു് ഒരു സിനിമ കാണാനോ ആണ് താല്പര്യം. പക്ഷേ, ഭർത്താവിനോടൊപ്പമുള്ള ഒരു സായാഹ്നസവാരിയോ ഒരു സിനിമയോ ഒക്കെ മോഹങ്ങൾ മാത്രമാകുന്നു, പലർക്കും.

ഇതു 'വിമെൻസ് ലിബ്ബി'ന്റെ കാലമല്ലേ. ''തനിച്ചൊക്കെ നടന്നു ശീലിക്കണം. സിനിമയ്ക്കും തനിച്ചു പോയി ശീലിച്ചുകൂടേ'' എന്ന ചോദ്യത്തിനു് ഒരു തുറന്ന ചിരിയായിരുന്നു ഒരു വീട്ടമ്മയുടെ മറുപടി. ''തനിച്ചോ? ആരു വിടും ഞങ്ങളെ? വിട്ടാൽത്തന്നെ വീട്ടിൽ മടങ്ങിയെത്തുമോ?''

മറെറാന്നും ചെയ്യാനില്ലാത്ത വീട്ടമ്മ തന്നിലേക്കൊതുങ്ങാൻ ശീലിച്ചിരിക്കുന്നു. പിന്നെ ആകെയൊരു റിലീഫ് നഗരത്തിന്റെ മുക്കിലും മൂലയിലും ഉള്ള ആരാധനാസ്ഥലങ്ങളും ആശ്രമങ്ങളുമാണ്. 'കൊസാംബിസ്റ്റോ' 'കസാൻദ് സാക്കിസിനോ' ഇടംകൊടുക്കാത്ത മനസ്സുകൾ ആശ്രമങ്ങളിലെത്തിച്ചേരുന്നതു് വളരെയെളുപ്പമാണ്. ഒന്നുമില്ലെങ്കിൽ, കുറെ സമയം പോകുമല്ലൊ. കൂട്ടുകാരെയും കിട്ടും.

## സാമ്പത്തികസ്വാതന്ത്ര്യം വേണം

സ്ത്രീകളുടെ പ്രശ്നങ്ങളുടെ അടിസ്ഥാനകാരണം സാമ്പത്തികസ്വാതന്ത്ര്യമില്ലായ്മയാണെന്നും, അതുണ്ടായാൽ അവരുടെ സ്ഥിതി മെച്ചപ്പെടും എന്ന വഴിക്കു ചിന്തിച്ചുകൊണ്ട് പ്രസിദ്ധ ഫെമിനിസ്റ്റായ അപർണ്ണാസെൻ തന്റെ രണ്ടാമത്തെ ചിത്രമായ 'പരമ' നിർമ്മിക്കുകയുണ്ടായി. ഇതു് ചില സ്ത്രീകളുടെ കാര്യത്തിലെങ്കിലും സത്യമാണ്. സാമ്പത്തിക സ്വാതന്ത്ര്യംകൊണ്ട് എല്ലാമായി എന്ന നിലപാടിനോടു് യോജിക്കാനാവില്ലെങ്കിലും, ഒരു വ്യക്തി എന്ന നിലയ്ക്കു് സ്ത്രീയ്ക്കു് അംഗീകാരം വേണമെങ്കിൽ അവൾ സാമ്പത്തികസ്വാതന്ത്ര്യം ഉള്ളവളായിരിക്കണം.

ഓരോ ചെറിയ കാര്യങ്ങൾക്കുംവേണ്ടി മററുള്ളവരെ ആശ്രയിക്കേണ്ടിവരുമ്പോഴുണ്ടാകുന്ന പ്രയാസം കുറച്ചൊന്നുമല്ല ചില വീട്ടമ്മമാർക്ക്. ഇവരിൽ പലരും തൊഴിൽ നേടാൻ യോഗ്യതയുള്ളവരും ആണ്. എന്നാൽ സാഹചര്യങ്ങളുടെ ഒഴുക്കിൽപ്പെട്ട് തൊഴിൽ സ്വീകരിക്കാൻ നിവൃത്തിയില്ലാതെ വന്നിട്ടുള്ളവരാണ്. ''കിട്ടുന്ന പണം ഭാര്യയെ ഏല്പിക്കുന്നുണ്ടല്ലോ. അതു് യഥേഷ്ടം ചെലവഴിക്കാമല്ലോ'' എന്നു ചോദിക്കുന്നവരുണ്ട്. ഭർത്താവ് ഏല്പിക്കുന്ന പണം ഒരു നല്ല 'ഫൈനാൻഷ്യൽ മാനേജരെ'പോലെ ബുദ്ധിപൂർവ്വം കൈകാര്യം ചെയ്യുന്നതും സ്വയംസമ്പാദിച്ച പണം കൈകാര്യം ചെയ്യുന്നതും തമ്മിൽ വലിയ അന്തരമുണ്ട്. ഈ 'മാനേജിങ്ങി'നിടയിൽ സ്വന്തം ആവശ്യങ്ങൾ പലപ്പോഴും നീക്കിവയ്ക്കേണ്ടിവരുന്നതായും വരുന്നു. പല സമ്പന്ന കുടുംബങ്ങളിലെയും ഭാര്യമാർക്ക് ഇതൊരു പ്രശ്നമായിത്തോന്നാനിടയില്ലെങ്കിലും ഇടത്തരം കുടുംബങ്ങളിലെ വീട്ടമ്മമാരെ ഇത്തരം സാഹചര്യങ്ങളിൽ മഥിക്കുന്ന ചിന്ത, ''തനിക്കും ഒരു ജോലിയുണ്ടായിരുന്നെങ്കിൽ'' എന്നതാണ്.

ഉദ്യോഗസ്ഥരായ സ്ത്രീകളോടിടപെടുമ്പോൾ ചിലർക്ക് ഒരുതരം ആരാധനയാണുണ്ടാകുന്നതെങ്കിലും വളരെയധികം സ്ത്രീകൾ അസൂയാലുക്കളാകുകയാണു ചെയ്യാറ്. സാമ്പത്തിക സ്വാതന്ത്ര്യം മാത്രമല്ല ഇതിന്റെ പിന്നിലുള്ളതു്.

ഉദ്യോഗസ്ഥരായ സ്ത്രീകൾക്ക് ഉടുത്തൊരുങ്ങി പുറത്തേക്കു പോകാനും പലരുമായി ഇടപഴകാനും അവസരം കിട്ടുമ്പോൾ തങ്ങൾക്കതു സാധിക്കുന്നില്ലല്ലോ എന്ന വിഷമമാണ് ഇതിന്റെ പിന്നിലുള്ളത്.

ഭർത്താവിന്റെ സഹപ്രവർത്തകരോട് സംസാരിക്കാൻ കഴിയാത്ത ഭാര്യ, വിദേശത്തുനിന്നു മകന്റെ ‘പെൻഫ്രണ്ട്’’ സന്ദർശനത്തിനെത്തുമ്പോൾ രണ്ടു വാചകം ഇംഗ്ലീഷിൽ പറയാനൊക്കുന്നില്ലല്ലോ എന്ന ദുഃഖമൊതുക്കുന്ന അമ്മ. ഇവരുടെയൊക്കെ നൊമ്പരങ്ങൾ ചിലപ്പോഴൊക്കെ പുറത്തുവരുന്നു. ആദ്യം പറഞ്ഞതുപോലുള്ള കത്തുകളിലൂടെ ചിലരൊക്കെ ഈ വേദനകൾ പങ്കു വയ്ക്കുമ്പോൾ അനേകംപേർ ഇതൊക്കെ രഹസ്യമായി കൊണ്ടുനടക്കുന്നവരാണ്. കാലക്രമേണ ഒരുതരം അപകർഷബോധത്തിലമർന്ന് തങ്ങളുടേതായ ഒരു ലോകം സൃഷ്ടിക്കാൻ ഇവർ പഠിക്കുന്നു.

ഉദ്യോഗസ്ഥയാകുന്നതോടെ, പണം സമ്പാദിക്കുന്നതോടെ, പുറത്തുപോയിത്തുടങ്ങുന്നതോടെ ഈ പ്രശ്നങ്ങളെല്ലാം ഇല്ലാതാകും എന്ന് ഇതുകൊണ്ട് അർത്ഥമാക്കേണ്ടതില്ല. ഉദ്യോഗമില്ലാതെ വീട്ടിൽക്കഴിയുന്ന വീട്ടമ്മമാർക്കാണ് ഇത്തരം പ്രശ്നങ്ങൾ കൂടുതൽ രൂക്ഷമായി അനുഭവപ്പെടുന്നത് എന്നു മാത്രമേ ഇവിടെ സൂചിപ്പിച്ചിട്ടുള്ളു.

ഓർമ്മയിൽ തങ്ങിനിൽക്കുന്ന ഒരു ചെറിയ സംഭവംകൂടി. ഒരിക്കൽ വേണാട് എക്സ്പ്രസ്സിന്റെ വനിതാ കംപാർട്ടുമെന്റിൽ യാത്ര ചെയ്യാനിടയായി. കൊല്ലം മുതലപ്പുറത്തേക്കുള്ള സ്ഥലങ്ങളിൽ ജോലിക്കുപോകുന്ന സ്ത്രീകളാണ് ഈ കംപാർട്ടുമെന്റിൽ അധികവും. വെളുപ്പിനു് വീട്ടിൽനിന്നു പുറപ്പെട്ട് രാത്രി മടങ്ങിയെത്തുന്ന പല സ്ത്രീകളും നടു നിവർക്കുന്നതും, വാരിക വായിക്കുന്നതും ‘സൊറ’ പറയുന്നതുമൊക്കെ ഇതിനുള്ളിൽത്തന്നെയാണ്. ആറുമണിക്കു വീട്ടിൽനിന്നിറങ്ങി രാത്രി ഒൻപതുമണിക്കു മടങ്ങിയെത്തുന്ന, തുച്ഛമായ ശമ്പളത്തിനു ജോലിചെയ്യുന്ന ഒരു സ്ത്രീയോട് സഹതാപം പ്രകടിപ്പിച്ചുകൊണ്ട് ഞാൻ ചോദിച്ചു: ‘‘ഇതിൽ ഭേദം വീട്ടിലിരിക്കുന്നതല്ലേ?’’ എന്ന്. അവരുടെ മറുപടി ഇതായിരുന്നു: ‘‘വണ്ടിക്കൂലിയും മററു ചെലവുകളും കഴിഞ്ഞ് ബാക്കിയൊന്നുമില്ല. പിന്നെ ഇതൊക്കെ സ്വയംപണിയെടുത്തു ചെയ്യുമ്പോഴുള്ള സുഖം. ബാക്കിയുള്ളത് ഈ യാത്രയുടെ സന്തോഷംമാത്രം. പിന്നെ ജോലിസ്ഥലത്തെ കൂട്ടുകാരും.’’

ബാഹ്യലോകത്തേക്കുള്ള ജാലകം, സ്വയം അദ്ധ്വാനിച്ചു സമ്പാദിക്കുമ്പോഴുള്ള ആനന്ദം, ഏറിവരുന്ന സാമൂഹ്യബന്ധങ്ങൾ, അതൊക്കെ തേടിയാണ് ആ സ്ത്രീ ഈ കഷ്ടപ്പാടൊക്കെ സഹിക്കുന്നത്. അതുതന്നെയാണ് നമ്മുടെ ഭൂരിപക്ഷം വീട്ടമ്മമാർക്കും നഷ്ടമാകുന്നത്.

# മേനിയഴക്

## ഡോ: സി. എ. രവീന്ദ്രൻ

**മേ**നിയഴക് ശരീരസൗന്ദര്യ ലക്ഷണങ്ങളിലെ ഒരു പ്രധാനപ്പെട്ട ഘടകമാണിന്നും. നിറം കറുപ്പോ വെളുപ്പോ ആകട്ടെ; ആ നിറത്തിന്റെ മിഴിവും അഴകും സൗന്ദര്യത്തിന്റെ മാററുകൂട്ടുന്നു. ഈ അഴകു വർദ്ധിപ്പിക്കാനുള്ള ശ്രമം കുഞ്ഞിലേ ആരംഭിക്കേണ്ടിയിരിക്കുന്നു. ശിശു ഉണ്ടായി രണ്ടുമാസം കഴിയുമ്പോൾ ഇതിനുവേണ്ടി സ്വർണ്ണം സേവിച്ചു തുടങ്ങണം.

### സ്വർണ്ണസേവ

തങ്കമോ, ഇരുപത്തിരണ്ടു കാരററുള്ള നല്ല സ്വർണ്ണമോ സ്വർണ്ണപ്പണിക്കാരന്റെ അടുത്തുകൊടുത്ത് മുള്ളാണിയുടെ കനത്തിൽ രണ്ടോ മൂന്നോ ഇഞ്ചു നീളത്തിൽ മുറിച്ചെടുക്കുക, ഇങ്ങനെ അടിച്ചു നീട്ടിയസ്വർണ്ണം അത്രയും നീളത്തിൽ മുറിച്ചെടുത്ത വയമ്പിൽ അടിച്ചു കയററി സ്വർണ്ണം പുറത്തേക്ക് നീണ്ടുനില്ക്കാത്ത വിധം വയമ്പിനുള്ളിലാക്കുക. ഈ വയമ്പ് ചെറുതേൻ ചേർത്ത് ഉരച്ച് കുറേശ്ശയായി എന്നും രാവിലെ വെറും വയററിൽ ശിശുവിന് കൊടുക്കുക. കുറഞ്ഞത് ആറു മാസമെങ്കിലും ഇങ്ങനെ തുടർച്ചയായി സ്വർണ്ണം കൊടുക്കണം. ശിശുവിന് നല്ല നിറവും ഓർമ്മശക്തിയും ആരോഗ്യവും ഇതുമൂലം ഉണ്ടാകും. അമ്പത് മില്ലിഗ്രാം വീതം സ്വർണ്ണഭസ്മം തേനിൽ ചാലിച്ചും ശിശുവിന് ഇതിനു പകരമായി കൊടുക്കാവുന്നതാണ്. ഈ സ്വർണ്ണസേവ കൊണ്ട് മങ്ങിയനിറമുള്ള ശിശുക്കൾ യൗവനാവസ്ഥയിലെത്തുമ്പോഴേക്കും നല്ല നിറം കൈവരിച്ചിരിക്കും.


### കസ്തൂരിമഞ്ഞൾ തേച്ചുള്ള കുളി

ശിശുവിനെ കുളിപ്പിക്കുന്നതിന് ഒരു മണിക്കൂർ മുമ്പ് കസ്തൂരിമഞ്ഞൾ നല്ല വിളഞ്ഞ തേങ്ങാപ്പാലിൽ അരച്ച് ശിശുവിന്റെ ശരീരമാസകലം പുരട്ടി കിടത്തുക. കുളിപ്പിക്കുന്ന സമയത്ത് ചെറുപയറു പൊടി ഉപയോഗിച്ച് ഇതു കഴുകിക്കളയുക. ഇത് നല്ല നിറമുണ്ടാകുന്നതിനുള്ള ഏററവും നല്ല മാർഗ്ഗമാണ്.

### യൗവനാവസ്ഥയിലുള്ളവർക്ക് നിറം വർദ്ധിപ്പിക്കാനുള്ള ഉപായമെന്തെന്നു നോക്കാം

1. മഞ്ചട്ടി, ഇരട്ടിമധുരം, മുന്തിരിങ്ങാപ്പഴം, മാതളനാരങ്ങയുടെ അല്ലി, വലിയ ഇരട്ടിമധുരം ഇവ 15 ഗ്രാംവീതമെടുത്ത് ഒരു ലിററർ ആട്ടിൻപാലും അരലിററർ വെളിച്ചെണ്ണയുംചേർത്ത് കാച്ചി അരിച്ചെടുക്കുന്ന തൈലം ശരീരത്ത് തേച്ചിരുന്ന് ഒരു മണിക്കൂറിനു ശേഷം സോപ്പിനുപകരം പയറോ ഉഴുന്നോ പൊടിച്ചതുപയോഗിച്ച് കുളിക്കുക. ഇങ്ങനെ കുറഞ്ഞത് പതിനഞ്ചു ദിവസമെങ്കിലും ഉപയോഗിച്ചാൽ നിങ്ങളുടെ നിറം മിഴിവുററതാകുന്നത് പ്രത്യക്ഷത്തിൽ കാണാം.

2. നാഗപ്പൂവ്, ചന്ദനം, കോലരക്ക്, മഞ്ചട്ടിപ്പൊടി, ഇരട്ടിമധുരം, തകരം, രാമച്ചം, പതുമുഖം, കരിംകൂവളക്കിഴങ്ങ്, പേരാലിൻവേര്, അത്തിമൊട്ട്, താമരയല്ലി, ദശമൂലം എന്നിവ 500 ഗ്രാം വീതം 10 ലിററർ വെള്ളത്തിൽ കഷായംവച്ച് 2 ലിറററാക്കി മഞ്ചട്ടിപ്പൊടി, ഇരട്ടിമധുരം, കോലരക്ക്, രക്തചന്ദനം, വലിയ ഇരട്ടിമധുരം ഇവ 15 ഗ്രാംവീതം ചേർത്ത് ഒരു ലിററർ ആട്ടിൻപാലും അര ലിററർ വെളിച്ചെണ്ണയും ചേർത്ത് കാച്ചിയരിച്ച് വച്ചിരുന്നെടുത്ത് മുകളിൽ പറഞ്ഞവിധം ഉപയോഗിക്കുക. ഇങ്ങനെ ഉപയോ



തിരുവനന്തപുരം കോടതിയിൽ ആക്സിഡന്റ് ക്ലെയിം ട്രൈബ്യൂണലായ സി. ശ്രീദേവിയുടെ കുടുംബം

യല്ലേ. എന്തു കൊടുത്താലും ആ ജീവിതം ഇനി തളിക്കുമോ. ഇവിടെയാണ് നിയമം നിസ്സഹായമായി എന്റെ മനസ്സിന്റെ കോടതിയിൽ നിൽക്കുന്നത്. ഇവിടെ വേണ്ടത് മനുഷ്യൻ നിർമ്മിച്ച നിയമങ്ങളല്ല. മനുഷ്യന് അപരനോടുള്ള ഉത്തരവാദിത്വബോധമാണ്.''

ഡിസ്ട്രിക്ട് ജഡ്ജിയെന്ന നിലയിൽ ഉത്തരവാദിത്വമുള്ള ജോലിനോക്കുന്ന ശ്രീദേവി എന്ന സ്ത്രീക്ക് ന്യായാധിപയെന്ന വേഷത്തിൽനിന്നും പൂർണ്ണമായ മോചനം സാദ്ധ്യമാണോ?

ശ്രീദേവി ചിരിച്ചു: ''തീർച്ചയായും കോടതിയിൽ ഞാൻ ന്യായാധിപയാണ്. വീട്ടിൽ ഭാര്യയും അമ്മയും. ഉദ്യോഗസ്ഥയായ സ്ത്രീ തൊഴിലിൽ സമർത്ഥയായാൽ വീട് അനാഥമാകുമെന്നു പറയുന്നതിൽ കഴമ്പില്ല രണ്ടും ഒരുപോലെ വിജയകരമായി മുന്നോട്ടുകൊണ്ടുപോകാൻ കഴിയും. കഴിയണം. വീട്ടുകാരുടെ സഹകരണവും ആവശ്യമാണെന്നു സമ്മതിക്കാം. അക്കാര്യത്തിൽ ഞാൻ ഭാഗ്യവതിയാണ്.'' തിരുവനന്തപുരത്ത് പോങ്ങുമ്മൂട്ടിൽ 'ജ്യോതിസ്സി'ൽ ഭർത്താവ് യു. ബാലാജിയും ഏകമകൻ ബസന്തുമൊത്ത് സന്തുഷ്ട [illegible]കുടുംബജീവിതം നയിക്കുന്ന ശ്രീ[illegible] ഭർത്താവ് എന്നും പ്രോത്സാ[illegible]കിപ്പോന്നു. ഇക്കണോമിക്സ് [illegible]റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടു[illegible] ഡെപ്യൂട്ടി ഡയറക്ടറായി റിട്ടയർ ചെയ്ത ആളാണ് ബാലാജി. മകൻ ബസന്ത് ഹൈസ്കൂൾ വിദ്യാർത്ഥിയാണ്.

ഒരായിരം കേസുകളിൽ വിധിയെഴുതിയിരിക്കുമല്ലോ ഇതിനകം. എത്രപേർ ജയിച്ചുവോ അത്രതന്നെ തോററവരും ഉണ്ടാകും. പ്രൊഫഷനൽ ഹസാർഡ് എന്നു പറയാം. കേസിൽ തോററവരുടെ വൈരമോ പകയോ വ്യക്തിജീവിതത്തിൽ എന്തെങ്കിലും ക്ലേശമുണ്ടാക്കിയിട്ടുണ്ടോ?

ശ്രീദേവിഎന്ന ന്യായാധിപ ഈ ചോദ്യത്തിനുമുമ്പിൽ സ്ത്രീയായി. അമ്മയായി. ''അന്നു ഞാൻ ഗർഭിണിയാണ്. സാധാരണയിൽ കവിഞ്ഞ ഗർഭാലസ്യങ്ങൾ എനിക്കുണ്ടായിരുന്നു. കോടതിക്കസേരയും വീട്ടിൽ കിടക്കയുമായി കഴിഞ്ഞകാലം. പ്രസവത്തിന് പ്രയാസം പ്രതീക്ഷിക്കാമെന്ന് ഡോക്ടറും മുന്നറിയിപ്പു നല്കിയിരുന്നു. ശരീരവും മനസ്സും ആകെ തളർന്ന സമയം. അന്ന് എനിക്കൊരു കത്തു കിട്ടി. ''ഈ പ്രസവത്തോടെ നിങ്ങളുടെ അന്ത്യമുണ്ടാകും.'' ഞാനാകെ തളർന്നുപോയി. എത്ര കഷ്ടം സഹിച്ചും ഓമനക്കുഞ്ഞിനെ കാണാൻ കൊതിച്ചുകഴിയുന്ന ഒരു ഗർഭിണി. പ്രസവത്തോടെ മരിക്കുമെന്ന ഭീഷണി: ഞാനാ വാക്കുകൾ വിശ്വസിച്ചു. അതോടെ വീട്ടുകാരും പരിഭ്രാന്തരായി. എന്നെ ഈ മരണഭയത്തിൽനിന്നു മോചിപ്പിക്കാൻ അവർ ആവുന്നത്ര ശ്രമിച്ചു. എങ്കിലും എനിക്ക് ജീവിതം അവസാനിച്ചു എന്ന തോന്നൽ. ഒടുവിൽ എന്റെ ജീവൻ നിലനില്ക്കണമെങ്കിൽ ഞാൻ തന്നെ എന്നെ വിശ്വസിപ്പിക്കേണ്ട നില വന്നു. ഞാൻ ആലോചിച്ചുനോക്കി. ഞാൻ വിധി പറഞ്ഞ ഏതോ വ്യവഹാരത്തിൽ തോററ വ്യക്തിയായിരിക്കണം ആ കത്തയച്ചത്. അയാളുടെ കാര്യത്തിൽ ഞാനെടുത്ത തീരുമാനം തെററായിരുന്നോ—ഒരുപക്ഷേ, തെററായിരുന്നിരിക്കാം. പക്ഷേ, എന്റെ മനഃസാക്ഷി ശരിയെന്ന് എന്നോടു പറഞ്ഞ തീരുമാനങ്ങളേ ഞാനിന്നേവരെ എടുത്തിട്ടുള്ളൂ. അയാളുടെ കാര്യത്തിലും അന്ന് പൂർണ്ണമായും ശരിയെന്ന് എനിക്കു ബോദ്ധ്യമുള്ള വിധിയേ ഞാൻ നൽകിയിട്ടുള്ളൂ. പെട്ടെന്ന് എന്റെ ഉള്ളിൽ ഒരു ശബ്ദം ഞാൻ കേട്ടു. എന്റെ മനഃസാക്ഷിയുടെ സാന്ത്വനം—പേടിക്കരുത്. വിഷമിക്കരുത്. തെററു ചെയ്തവർക്കേ വിഷമിക്കേണ്ട കാര്യമുള്ളൂ. ധൈര്യമായിരിക്കൂ. എനിക്കെന്തെന്നില്ലാത്ത ധൈര്യം. കത്തിന്റെ കാര്യം ഞാൻ മനസ്സിൽനിന്നു കളഞ്ഞു. ഞാൻ പ്രസവിച്ചു. ആരോഗ്യമുള്ള കുട്ടി. ഞാൻ ഇന്നും ജീവിച്ചിരിക്കുന്നു. ആ അനുഭവം എന്നെ ഒരു വലിയ പാഠം പഠിപ്പിച്ചു. സ്വന്തം പ്രവൃത്തികൾ സംശുദ്ധമായിരുന്നാൽ ആരെയും ഒന്നിനെയും ഭയക്കേണ്ടതില്ല.''

ലേഖനം

# കുഞ്ഞുങ്ങളുടെ നൊമ്പരങ്ങൾ

**വിദ്യാഭ്യാസത്തിൻെറ പേരിൽ നമ്മൾ നമ്മുടെ കുഞ്ഞുങ്ങളെ വല്ലാതെ കഷ്ടപ്പെടുത്തുന്നു. ഇതു ശരിയല്ലെന്നു് ലേഖിക സമർപ്പിക്കുന്നു.**

**കുശലാ രാജേന്ദ്രൻ**

"ആൻറീ ഇതെങ്ങാന എഴുതുക. ഒന്നു് പഠിപ്പിച്ചു തരുവോ.''

മലയാളിയല്ലാത്ത കൂട്ടുകാരിയുടെ നാലുവയസ്സുള്ള മകൻ അക്ഷരമാലയുമായി എന്നെ സമീപിച്ചു.

അവൻെറ അമ്മയ്ക്കും അച്ഛനും മലയാളം എഴുതാൻ അറിയില്ല. അവൻെറ 'സിലബസ്സിൽ' മലയാളമുണ്ടുതാനും. പഠിക്കാതിരിക്കാൻ പററുമോ:

മലയാളം മാത്രമല്ല ഇംഗ്ലീഷും കണക്കും പൊതുവിജ്ഞാനവുമെല്ലാമുണ്ടു്.

ദിവസവും വൈകിട്ടു് അവൻ വീട്ടിലേക്കു വരുന്നതു് ഒരു ചുമടു ഹോംവർക്കുമായാണു്. രണ്ടുമണിക്കൂർ ചെയ്താലും തീരാത്തത്ര ഹോംവർക്ക്.

അവൻെറ അമ്മ എന്നോടു സങ്കടം പറഞ്ഞു: "ഈ ചെറിയ കുട്ടിയെക്കൊണ്ടു് എന്തിനിത്ര ഭാരം ചുമപ്പിക്കുന്നു. വൈകിട്ടു് ഒന്നു് ഓടിക്കളിക്കാൻപോലും എൻെറ കുഞ്ഞിനു നേരമില്ല.''

ഇങ്ങനെ സങ്കടപ്പെടുന്ന അമ്മമാർ കുറവാണു്. "പഠിക്കടാ പഠിക്കടാ'' എന്നു പറഞ്ഞു് കുഞ്ഞുങ്ങളെ ശ്വാസംമുട്ടിപ്പിക്കുന്നവരാണു് അധികവും.

അങ്ങനെയുള്ളവരെ കുററംപറഞ്ഞിട്ടു് കാര്യമില്ല. ഒന്നാംക്ലാസ്സിൽ പ്രവേശനപരീക്ഷയ്ക്കു് കുഞ്ഞിനെയുംകൊണ്ടു് പോയ ഒരച്ഛൻ പറഞ്ഞ കഥ അതു തെളിയിക്കും.

"കുഞ്ഞിനെയുംകൊണ്ടു് സ്കൂളിൽ എത്തി. ടീച്ചറെന്നാ തോന്നുന്നതു്, ഒരു സ്ത്രീവന്നു് കുഞ്ഞിനെ കൂട്ടിക്കൊണ്ടു് മുകളിലെ ഒരു മുറിയിലേക്കു കൊണ്ടുപോയി. കതകുകൾ അടഞ്ഞു. അകത്തെവിടെയോ ആണു് പരീക്ഷ നടക്കുന്നതു്. ഒരു മണിക്കൂറോളം അക്ഷമയോടെയുള്ള കാത്തിരിപ്പു്. ഓപ്പറേഷൻ തിയേററിനു വെളിയിലെ കാത്തിരിപ്പിനെക്കാൾ ഭയാനകം.

ഒന്നാംക്ലാസ്സിൽ ചേർക്കാനുള്ള എഴുത്തുപരീക്ഷയും ഇൻറർവ്യൂവും കുട്ടിയിൽ മാത്രമൊതുങ്ങുന്നില്ല. കുട്ടിയുടെ ബയോഡാററ മാത്രമല്ല, മാതാപിതാക്കളുടെ യോഗ്യതകളും പ്രധാനമാണു്. എന്തൊക്കെയാണെങ്കിലും എല്ലാം സഹിക്കുകയേ മാർഗ്ഗമുള്ളു. കുട്ടി ഒന്നാമനായി പഠിക്കണമല്ലോ!

തുമ്പിയുടെയും പൂമ്പാററകളുടെയും പിന്നാലെ പാറിനടക്കേണ്ട പ്രായത്തിൽ കുട്ടികൾ പുസ്തകങ്ങളുടെ മുന്നിൽ തളച്ചിടപ്പെടുന്നു. ഇതു ശരിയാണോ? ഒരുതരം ശിക്ഷയല്ലേ? വളർച്ചയ്ക്കു പകരം കുഞ്ഞിൻെറ മനസ്സിനെ മുരടിപ്പിക്കുകയല്ലേ ഇതിൻെറ ഫലം?

കുട്ടികളുടെ അവകാശങ്ങളായി ഐക്യരാഷ്ട്രസംഘടന അംഗീകരിച്ചിട്ടുള്ള ചില കാര്യങ്ങളുണ്ടു്—സ്നേഹം, പരിലാളന, ആഹാരം, മരുന്നുകൾ, വിദ്യാഭ്യാസം. ഇവയ്ക്കുപുറമെ കളിക്കുവാനും മാനസികോല്ലാസത്തിനുംകൂടി കുട്ടികൾക്കു് അവകാശമുണ്ടു്.

വ്യക്തിപരമായ കഴിവുകൾ കണ്ടെത്താനും, പോഷിപ്പിക്കുവാനും, സ്വന്തം വളർച്ചയ്ക്കായി അവ ഉപയോഗിക്കാനുമുള്ള അവകാശം വളരെ പ്രധാനമായിക്കാണേണ്ട ഒന്നാണെന്നാണു് ഐക്യരാഷ്ട്രസഭയുടെ പത്രിക സമർത്ഥിക്കുന്നതു്.

ആഹാരം, മരുന്നു്, പരിലാളനം എന്നിവയൊക്കെ ഓരോ കുട്ടിയുടെയും ജീവിത സാഹചര്യമനുസരിച്ചു് ലഭിക്കുന്നുണ്ടെന്നു സങ്കല്പിക്കാം. പക്ഷെ, അവസാനംപറഞ്ഞ അവകാശം അർഹിക്കുന്ന ഗൗരവത്തോടെ പരിഗണിക്കപ്പെടാറുണ്ടോ? അഥവാ ആ അവകാശം വീട്ടിൽമാത്രം ഒതുങ്ങുന്നതാണോ? കുട്ടിയിൽ ആശയങ്ങളുണ്ടാകുന്നതിനു വളരെ മുൻപുതന്നെ ഒരു നിശ്ചിത സമ്പ്രദായത്തിൻെറ ഭാഗമായി അവരെ മാററുന്നു എന്നതുതന്നെ അവരുടെ അവകാശങ്ങളിന്മേലുള്ള കയ്യേററമല്ലേ?

അവകാശങ്ങളെപ്പററി പറഞ്ഞാൽ നമ്മുടെ പ്രത്യേക സാഹചര്യങ്ങളിൽ കുട്ടികൾ അർഹിക്കുന്ന പലതും നൽകാൻ നമുക്കു കഴിയാറില്ല. ഒരിക്കൽ അമേരിക്കയിൽ നിന്നു് അവധിക്കാലത്തു് നാട്ടിലെത്തിയ ഒരു സുഹൃത്തിൻെറ നാലുവയസ്സുള്ള മകൾ പറഞ്ഞു: "ഞങ്ങളുടെ നാട്ടിലൊക്കെ നഴ്സറികൾ നിറയെ കളിക്കോപ്പുകളാണു്. ഞങ്ങൾ സദാസമയവും കളിച്ചുകൊണ്ടിരിക്കും.''

ഈ ചിത്രം നമ്മുടെ ശരാശരി നഴ്സറിയുമായി താരതമ്യപ്പെടുത്താൻപോലും സാദ്ധ്യവുമല്ല. ഇവിടുത്തെ പല നഴ്സറികളിലും കുട്ടികൾക്കു വേണ്ടത്ര കളിക്കോപ്പുകളില്ല എന്നതോ പോകട്ടെ, ഓടിനടന്നുകളിക്കുവാൻ ആവശ്യത്തിനു സ്ഥലംപോലുമില്ല. വീടിനു മുകളിലെ ഫ്ളാററിൽ, അല്ലെങ്കിൽ വീടിനോടു ചേർത്തുപണിതിട്ടില്ലാത്ത ... ഉപ്പിച്ചുള്ള മുറിയിൽ നടത്തുന്ന നഴ്സറികൾപോലും നമ്മുടെ നഗരങ്ങളിലുണ്ടു്.

മുക്കിനും മൂലയിലും 'ഡേകെയറു'കളും നഴ്സറികളും നടത്തി പ്രീ-പ്രൈമറി മുതൽ വിദ്യാഭ്യാസം കച്ചവടമാക്കിയാൽ ഇതൊക്കെയല്ലാതെ എന്താണു് സംഭവിക്കുക?

ഇവയൊക്കെ ന്യായീകരിക്കുവാൻ പല കാരണങ്ങളും നമുക്കു പറയാനുണ്ടാകും. സ്ഥലപരിമിതി, സാമ്പത്തിക പ്രശ്നങ്ങൾ എന്നിങ്ങനെ. എന്തുതന്നെയായാലും ഇന്നു നിലവിലുള്ള പ്രീ-പ്രൈമറി വിദ്യാഭ്യാസം ഒട്ടുമുക്കാലും കുട്ടികൾക്കു് രസകരമായ അനുഭവമായിത്തീരാറില്ല. നഴ്സറി സ്കൂളിൽ പോകാൻ ഇഷ്ടപ്പെടാത്ത കുട്ടികളാണു് ഏറെ. ഭാരിച്ച ഹോംവർക്ക്, അദ്ധ്യാപികമാരുടെ ശകാരം, കടുത്ത ശിക്ഷണം—ഇവയൊക്കെ കുരുന്നു മനസ്സുകളിലെ നൊമ്പരങ്ങളാണു്.

"ഇന്നു് ഇംഗ്ലീഷ് ടെസ്ററുപേപ്പറുണ്ടു്. അതുകൊണ്ടു് ഞാനിന്നു പോകുന്നില്ല'' എന്നു പറഞ്ഞു് വാശിപിടിച്ചു കരഞ്ഞ ഒരു ചെറിയ കുട്ടിയെ രണ്ടു് അടികൊടുത്തു് നഴ്സറിയിലേക്കയച്ചതും മടങ്ങിവന്നപ്പോൾ ഫസ്റ്റ് ആകാത്തതിനു് നല്ല രണ്ടു് അടികൂടി കൊടുത്തതുമായ കഥ ഒരമ്മ പറയുകയുണ്ടായി.

അവരെ മാത്രം കുററപ്പെടുത്തിയിട്ടു് കാര്യമില്ല. പിഞ്ചുകുഞ്ഞിൽനിന്നു് എന്തൊക്കെ പ്രതീക്ഷിക്കാം എന്നു് നാം മറന്നുതുടങ്ങിയിരിക്കുന്നു. പ്രീ-പ്രൈമറി വിദ്യാഭ്യാസംകൊണ്ടു് എന്താണുദ്ദേശിക്കുന്നതെന്നും ഇന്നു് അതു് ഏതുരീതിയിലാണു നാം നടത്തുന്നതെന്നും നമുക്കു തന്നെ അറിഞ്ഞുകൂട.

കുട്ടിയെ വിദ്യാഭ്യാസത്തിനു് തയ്യാറെടുപ്പിക്കുക എന്നതാണു് 'പ്രീ-പ്രൈമറി'കൊണ്ടു് ഉദ്ദേശിക്കുന്നതെങ്കിൽ ബുദ്ധിപരവും, കായികവുമായ വളർച്ച ഇതിൻെറ ഒരു പ്രധാന ലക്ഷ്യമാണു്. ഈ ലക്ഷ്യം നിറവേററാൻ വേണ്ടുന്ന സാഹചര്യം സൃഷ്ടിക്കുക എന്നതാണു് പ്രീ-പ്രൈമറി കേന്ദ്രങ്ങൾ ആദ്യമായി ചെയ്യേണ്ടതു്. പക്ഷേ, ഇതിനുള്ള മി... നിമം സൗകര്യങ്ങൾപോലും ... കൊടുക്കാതിരുന്നാലോ?

കളിക്കാൻ ധാരാളം സ്ഥല... മുള്ള അദ്ധ്യാപികമാർ, ...

വിമൻസ് മാഗസി...



കളിക്കോപ്പുകളുടെ ലോകം നമ്മുടെ എത്ര കുഞ്ഞുങ്ങൾക്കു വിധിച്ചിട്ടുണ്ട്?

ത്തുന്ന കളിക്കോപ്പുകൾ—ഇത്രയൊക്കെയുണ്ടെങ്കിൽ അവിടെ കൂടുതൽ സമയം ചെലവഴിക്കാൻ കുട്ടികൾക്ക് സ്വാഭാവികമായും ആഗ്രഹമുണ്ടാകും. ഒരു പ്രത്യേക സ്കൂളിലെ പരീക്ഷ എഴുതിപ്പിച്ച്, അവിടെ ഒന്നാംക്ലാസ്സിൽ അഡ്മിഷൻ മേടിക്കുക എന്ന ലക്ഷ്യത്തോടെ ശിക്ഷണം നല്കുന്ന തിരക്കിൽ ഇത്രയൊക്കെ ചെയ്തുകൊടുക്കാൻ മറക്കരുത്. ഇത് നമ്മുടെ കുട്ടികളോടു നാം കാണിക്കേണ്ട ഔദാര്യമല്ല, മറിച്ച് ഇതവരുടെ അവകാശമാണ്.

നഴ്സറി മുതൽ ആരംഭിക്കുന്ന മത്സരം കുട്ടി വളർന്ന് പഠിച്ച് തൊഴിൽ നേടുന്നതുവരെ തുടരുന്നു. നമ്മുടെ ആഗ്രഹങ്ങൾക്കൊത്തു വളർത്തുന്നതിനിടയ്ക്ക് അവർക്കെന്തു നഷ്ടമാകുന്നു എന്നു ചിന്തിക്കാൻ നാം മെനക്കെടാറില്ല.

ധാരാളം വായിക്കുകയും അല്പമൊക്കെ എഴുതുകയും ചെയ്തിരുന്ന ഒരു കുട്ടിയെ ചാർട്ടേഡ് അക്കൗണ്ടൻറാക്കാൻ ശ്രമിച്ച ഒരു പിതാവിൻെറ കഥ പറയാം. അക്കങ്ങളെ ഇഷ്ടപ്പെടാത്ത ആ കുട്ടിയെ ദിവസം മുഴുവനിരുത്തി ടെലഫോൺ ഡയറക്ടറിയിലെ പേജുകളിലെ അക്കങ്ങൾ കൂട്ടുകയും പെരുക്കുകയുമൊക്കെ ചെയ്യിച്ചു ആ പിതാവ്. എന്നിട്ടും അക്കങ്ങളെ സ്നേഹിക്കാൻ ആ കുട്ടിക്കു കഴിഞ്ഞില്ല. അവൻ ചാർട്ടേഡ് അക്കൗണ്ടൻറായില്ല—ഒന്നുമായില്ല. നഷ്ടങ്ങളുടെ കണക്കുകൂട്ടി നിശ്ശബ്ദമായിക്കഴിയുന്നു.

ഇത്തരം അനുഭവങ്ങൾ എത്രയോ ഉണ്ട്. മാതാപിതാക്കൾ കാട്ടിക്കൊടുക്കുന്ന വഴി തിരഞ്ഞെടുത്ത് അതിൽ വിജയിക്കുന്നവരില്ല എന്ന് ഇതുകൊണ്ട് അർത്ഥമാക്കേണ്ടതില്ല. പക്ഷേ, അതിനുവേണ്ടി നാം കുട്ടികൾക്കു ശിക്ഷണം നല്കുന്ന രീതിയുണ്ടല്ലോ. അതു മാററിയേ പററൂ. ഡോക്ടറോ എൻജിനീയറോ ആകണമെന്ന് നിർബ്ബന്ധമെന്ത്? നല്ല പെയിൻററോ, ഗായകനോ, നടനോ, ആയിക്കൂടേ. ഇത്തരമൊരു കാഴ്ചപ്പാട് കുട്ടികളിൽ വളർത്തുവാൻ എന്തുകൊണ്ട് നമുക്കു കഴിയുന്നില്ല?

നമ്മുടെ കുഞ്ഞുങ്ങളുടെ ഭാവി രക്ഷിക്കാൻ ആദ്യം വേണ്ടത് നഴ്സറികളുടെ നടത്തിപ്പിൽ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തുക എന്നതാണ്. ഒരു ഡേകെയറോ ഒരു നഴ്സറിയോ നടത്തണമെങ്കിൽ ആവശ്യമായ മിനിമം സൗകര്യങ്ങളെക്കുറിച്ച് ഒരു ധാരണയുണ്ടാവണം. ആർക്കൊക്കെ ഇതു നടത്താം, അവിടെ എന്തൊക്കെ പഠിപ്പിക്കാം എന്നൊക്കെ. ഒരു കുട്ടി എത്രസമയം പഠിക്കണം എന്നൊക്കെ ക്ലിപ്തപ്പെടുത്തേണ്ടതും ആവശ്യമാണ്. ചുരുക്കിപ്പറഞ്ഞാൽ, ശ്രദ്ധാപൂർവ്വം രൂപീകരിക്കുന്ന ഒരു പ്രീ-പ്രൈമറി വിദ്യാഭ്യാസനയം സാധാരണക്കാർക്ക് പ്രാപ്യമായ രീതിയിൽ ഉണ്ടായേ തീരൂ.

കുഞ്ഞുങ്ങൾക്കുവേണ്ടി തിരുവനന്തപുരത്തും കോഴിക്കോട്ടും 'വിശ്വജനീന ബാലനികേതനം' നടത്തുന്ന ഗായകൻ പറയുന്നു:

“ഒരു കുട്ടിയെ ഏററവുമധികം സഹായിക്കേണ്ടത് അവൻെറ കഴിവുകൾ സ്വയം മനസ്സിലാക്കാനാണ്. ഇതിൽ ഏററവും അധികം സഹായിക്കേണ്ടത് മാതാപിതാക്കളാണ്. നഴ്സറി സ്കൂൾ അദ്ധ്യാപകരും കുട്ടികളെ ഇക്കാര്യത്തിൽ സഹായിക്കേണ്ടതുണ്ട്. ഒരേ ചട്ടക്കൂടിൽ കുട്ടികളെ വളർത്തുന്ന സമ്പ്രദായത്തോട് എനിക്കു യോജിപ്പില്ല. ജോലി കിട്ടാനെളുപ്പമുള്ള ഡിഗ്രി എടുക്കുക എന്ന നിലയിലേക്ക് അധഃപതിച്ചിരിക്കുന്നു നമ്മുടെ വിദ്യാഭ്യാസം.”

കലാപരമായ കഴിവുകൾ വികസിപ്പിക്കാൻ മാത്രമായുള്ള ഒരു സ്ഥാപനം അപൂർണ്ണമാണെന്നാണ് യേശുദാസിൻെറ അഭിപ്രായം: “വിദ്യാഭ്യാസപരിപാടികൾ കൂടി വേണം. എന്നാൽഓരോ കുട്ടിയുടെയും ശരിയായ വില, അവനിലെ കഴിവുകൾ ഇവ മനസ്സിലാക്കി അനുയോജ്യമായ വഴി കാട്ടിക്കൊടുക്കുകയാണു വേണ്ടത്. വിശ്വജനീനയിലെ വിദ്യാഭ്യാസ സമ്പ്രദായം അതിനനുസൃതമായിട്ടാണ് വിഭാവന ചെയ്തിട്ടുള്ളത്. കുട്ടിയെ ഭാവിയിൽ ഡോക്ടറോ, എൻജിനീയറോ ആക്കുക എന്നതായിരിക്കരുത് വിദ്യാഭ്യാസത്തിൻെറ ലക്ഷ്യം. അവനെ ഒരു നല്ല മനുഷ്യനാക്കുക; അവനിലെ കഴിവുകൾ പൂർണ്ണതയിലെത്തിക്കുക; അതായിരിക്കണം.”

സമൂഹം ഇതൊക്കെ എളുപ്പത്തിൽ സ്വീകരിക്കുമെന്ന് ഉറപ്പുണ്ടോ? യേശുദാസ് പറയുന്നു; “ഇല്ല. എൻേറത് തിരകൾക്കെതിരെയുള്ള നീന്തലാണ്. പക്ഷേ, ഇതാരെങ്കിലും ചെയ്തേതീരൂ.”

# സ്ത്രീയുടെ ശത്രു സ്ത്രീയല്ല

**അധിക സ്വാതന്ത്ര്യം സ്ത്രീയെ വിരൂപയാക്കുകയേ ഉള്ളൂവെന്ന ശിവദാസൻ വെളിയത്തിന്റെ അഭിപ്രായത്തിന് ഒരു മറുപടി**

ഷക്കില

സ്ത്രീധന പീഡനത്തിന്റെ മുഖ്യപ്രതിയായി അമ്മായിഅമ്മയെ ചിത്രീകരിച്ച ലേഖകനോട്—നവവധുവിനെ സ്വന്തം അമ്മ മെഷീൻഗണ്ണിനേക്കാൾ ശക്തിയേറിയ നാവുകൊണ്ട് തലങ്ങും വിലങ്ങും വെടിവയ്ക്കുമ്പോൾ ഉമ്മറത്തെ തൂണിനെപ്പോലും നാണിപ്പിക്കുന്ന വിധത്തിലുള്ള മറ്റൊരു തൂണായി മകൻ നോക്കിനില്ക്കും. ആയിരം സ്വപ്നങ്ങളും അതിലേറെ മോഹങ്ങളുമായി മകന്റെ ജീവിതത്തിലേക്ക് കടന്നുവന്ന പെൺകുട്ടി പ്രതീക്ഷിക്കാത്ത പ്രഹരമേറ്റ് കണ്ണീരിൽ മുങ്ങിക്കുളിക്കും. ഒടുവിലൊരുനാൾ ഒരിക്കലും നിറവേറാനാവാത്ത മോഹങ്ങളുമായി ഒരു കയർത്തുമ്പിലൂടെയോ ഒരു ടിൻ മണ്ണെണ്ണയിലൂടെയോ നിശ്ശബ്ദം ഈ ഭൂമുഖത്തുനിന്നും കടന്നുപോകും. ഒരു സ്ത്രീധന മരണംകൂടി.

ജീവിതത്തിലേക്ക് കൈപിടിച്ചു കൊണ്ടുവന്ന ആ പെണ്ണിന്റെ ഭാഗം ചേർന്ന് ആ അമ്മയോട് ഒരു വാക്ക് എതിർത്തു സംസാരിക്കാൻ കഴിയാതിരുന്ന ആ മകനല്ലേ ആ അമ്മയെ കൊലപാതകിയാക്കിയത്. അമ്മയുടെ സംഹാരതാണ്ഡവം മകൻ നിശ്ശബ്ദം അനുവദിച്ചുകൊടുത്തതുകൊണ്ടു മാത്രമാണ് അതു കൊലപാതകംവരെ ചെന്നെത്തിയത്. താൻ വിവാഹം കഴിച്ചത്, അമ്മയ്ക്ക് ആട്ടിത്തുപ്പാൻ വേണ്ടിയല്ല, എനിക്ക് ഒരു ഭാര്യ വേണമെന്നതുകൊണ്ടാണെന്ന് നിരുപദ്രവമായ രീതിയിൽ ഒരു പ്രാവശ്യമെങ്കിലും പറയാൻ മകനു കഴിഞ്ഞെങ്കിൽ ഇവിടെ കഥ മറ്റൊന്നാകുമായിരുന്നു.

ഇവിടെ മറ്റൊരു പ്രശ്നംകൂടിയുണ്ട്—ആ അമ്മായിഅമ്മ എന്തുകൊണ്ട് അങ്ങനെയായി. കുടുംബജീവിതത്തിന്റെ പവിത്രത അനുഭവിച്ച്, ഭർത്താവിനാൽ സ്നേഹിച്ചും, അംഗീകരിച്ചും ജീവിച്ച ഒരു ഭാര്യയ്ക്ക് അവരുടെ മകൻ വളർന്നു വലുതായി വിവാഹിതനാകുമ്പോൾ ആ പെൺകുട്ടിയെ സ്വന്തം മകളെപ്പോലെ നോക്കിക്കാണാനല്ലാതെ മറ്റെന്തിനു കഴിയും. ഇവിടെ മരുമകളെ സ്വന്തം മകളെപ്പോലെ കരുതുന്ന എത്രയെത്ര അമ്മായിഅമ്മമാരുണ്ട്. ഒന്നു ശ്രദ്ധിക്കുക. സ്ത്രീധന പീഡനത്തിന്റെ പിന്നിലുള്ള അമ്മായിഅമ്മമാർ ഒക്കെത്തന്നെ നരകയാതനയിലൂടെ കടന്നുവന്നവരായിട്ടാണ് കാണുന്നത്. സ്വന്തം ഭർത്താവിനാൽ അടിച്ചമർത്തപ്പെട്ട്, അടുക്കളയുടെ നാലു ചുമരുകൾക്കുള്ളിൽ കരിയും പുകയും ഏറ്റ് ജീവിതത്തിന്റെ നല്ലൊരു ഭാഗം നശിച്ചുപോയവരാണ്. ഭർത്താവിന്റെ പീഡനങ്ങളിൽ ജീവിതം വീർപ്പുമുട്ടിയപ്പോഴും സ്വന്തം മക്കളിലൂടെ മറ്റൊരു ജീവിതം അവർ സ്വപ്നം കണ്ടിരിക്കാം. മക്കളിൽ—പ്രത്യേകിച്ച് ആൺകുട്ടികൾക്ക് വന്യമായ സ്നേഹം നല്കി വളർത്തി—അവനു മറ്റൊരു പങ്കാളി എത്തുമ്പോൾ, അവർ അകാരണമായിത്തന്നെ അസ്വസ്ഥരാകാറുണ്ട്. ആ അസ്വസ്ഥതതന്നെയല്ലേ പിന്നീട് പടർന്നു പന്തലിച്ച് നിസ്സാര കാരണങ്ങളിൽപ്പോലും പുത്രവധുവിനെ പീഡിപ്പിക്കുന്നത്. ഇവിടെയും അടിസ്ഥാനപരമായി തെറ്റു ചെയ്തതു പുരുഷനാണ്.

മറ്റൊരാരോപണം സ്ത്രീകളുടെ നഗ്നതാപ്രദർശനമാണ്—ഇവിടത്തെ കാബറേ നർത്തകികളുടെ ജീവിതത്തിലേക്ക് കടന്നുചെന്ന് അവരുടെ ചിത്രങ്ങൾ സഹിതം ഒരു ലേഖനപരമ്പര കുറച്ചു നാൾമുമ്പ് മലയാള മനോരമ വീക്കിലിയിലുണ്ടായിരുന്നു. ഓരോ നർത്തകിയുടേയും കണ്ണീരിന്റെ കഥയായിരുന്നു അത്. മിക്കവരും കാമുകനാൽ വഞ്ചിക്കപ്പെട്ട് ചുവന്ന തെരുവിലേക്കു വലിച്ചെറിയപ്പെട്ടവരാണ്. ആരെങ്കിലും ഒരു ജീവിതം നല്കാൻ തയ്യാറായാൽ അവരെല്ലാംതന്നെ ആ പഴയ ജീവിതം തുടച്ചു മാറ്റാൻ തയ്യാറുള്ളവരുമാണ്. സ്വന്തം ഇഷ്ടപ്രകാരം നഗ്നത പ്രദർശിപ്പിക്കുന്ന ഒരു പെണ്ണും ഈ ഭൂമുഖത്തുണ്ടാവില്ല. ജോലി നൽകാമെന്നു പറഞ്ഞ് പാവപ്പെട്ട കുടുംബങ്ങളിൽനിന്നു പെൺകുട്ടികളെ വിളിച്ചിറക്കിക്കൊണ്ടുപോയി തെരുവിന്റെ സന്തതികളാക്കിയതാരാണ്?

സ്വന്തം സുഖസൗകര്യങ്ങൾ കൂട്ടിക്കിട്ടുന്നതിനുവേണ്ടി മേലുദ്യോഗസ്ഥനു സ്വന്തം ഭാര്യമാരെ കാഴ്ചവയ്ക്കുന്ന മനുഷ്യാധമൻമാരെ കുറിച്ച് ഒന്നും പറയാതിരിക്കയാണ് ഭേദം. ഭാര്യ അതിനു തയ്യാറായിട്ടല്ലേ എന്നു പറയുന്ന ലേഖകനോട്—ഭാര്യയോട് ഇത്തരം കാര്യങ്ങൾ ആവശ്യപ്പെടാൻ ധൈര്യപ്പെട്ട പുരുഷന് അവളെ എന്തൊക്കെ ചെയ്തുകൂടാ.

മക്കളേയും ഭർത്താവിനേയും മറന്ന് ക്ലബ്ബുജീവിതവുമായി അഴിഞ്ഞാടുന്ന സ്ത്രീകളേയും പറ്റി ലേഖകൻ പരാമർശിക്കുന്നു. നമ്മുടെ കൊച്ചു കേരളത്തിൽ ഉദ്യോഗസ്ഥകളും വീട്ടമ്മമാരും ആയി എത്രലക്ഷം സ്ത്രീകളുണ്ട്. അതിൽ പൊങ്ങച്ചത്തിനുവേണ്ടി ക്ലബ്ബു ജീവിതവുമായി നടക്കുന്ന എത്ര പേരുണ്ട്. ആയിരങ്ങളിൽ ഒന്ന് എന്ന് കണക്കിലെങ്കിലും ഉണ്ടാകുമോ? പ്രസവം കഴിഞ്ഞ് കൃത്യം 90 ദിവസം കഴിയുമ്പോൾ വീണ്ടും ജോലിക്കു പോയിത്തുടങ്ങുന്ന അമ്മമാർ മാറിൽ ചുരത്തിയ പാൽ പൊന്നിൻകുടത്തിനു കൊടുക്കാനായി ഓടിക്കിതച്ചെത്തുന്നത് പതിവു കാഴ്ചയല്ലേ—പിഞ്ചുകുഞ്ഞിനെ വേലക്കാരുടെ കൈയിൽ എറിഞ്ഞുകൊടുത്തിട്ട് സാമൂഹ്യപ്രവർത്തനത്തിനു നടക്കുന്ന എത്രപേർ കാണും? അഥവാ അങ്ങനെയുണ്ടെങ്കിൽത്തന്നെ, പുരുഷവേഷം കെട്ടിയ അവരുടെ ഭർത്താവുദ്യോഗസ്ഥനെ ആദ്യം ശിക്ഷിക്കണം. നട്ടെല്ലുള്ള പുരുഷന്റെ മുമ്പിൽ ഭാര്യ, ഭാര്യതന്നെയാണ്.

ആധുനിക അടുക്കളയിൽ മനുഷ്യപ്രയത്നത്തിന്റെ ഭൂരിഭാഗവും യന്ത്രങ്ങൾ ഏറ്റെടുത്തു കഴിഞ്ഞു. രണ്ടുമണിക്കൂർ നേരം അടുക്കളയിൽ ചെലവഴിച്ചാൽ ഓരോരുത്തർക്കും ഇഷ്ടമുള്ള വിഭവങ്ങൾ ഉണ്ടാക്കി വീട്ടമ്മയ്ക്ക് അടുക്കളവാതിൽ ചാരാം. വീട്ടമ്മമാർക്ക് മക്കൾ സ്കൂളിൽപോയി കഴിയുന്നതോടെ ധാരാളം വിശ്രമസമയം ഉണ്ടാവുന്നു. വിദ്യാഭ്യാസം നേടിയ സ്ത്രീകൾ വെറുതെ ഉണ്ടും ഉറങ്ങിയും സമയം കളയാതെ സമൂഹത്തിനു ഗുണം ചെയ്യുന്ന ഏതെങ്കിലും പ്രവൃത്തിയിൽ ഏർപ്പെടുന്നതിനു എന്തിനു കുറ്റം ചാരണം. പുഷ്പഫല പ്രദർശനങ്ങളും മറ്റു ഫാഷൻ ഷോകളും നടത്തുന്നതും അത്ര വലിയ പാപമൊന്നുമല്ല. മാറിയ സാമൂഹ്യജീവിതവുമായി ആദ്യം മാനസികമായി പൊരുത്തപ്പെടുകയാണ് നാം ചെയ്യേണ്ടത്.

സ്ത്രീ വീടിന്റെ വിളക്കുതന്നെയാണ്. ആ വിളക്കിന്റെ ശോഭ തല്ലിക്കെടുത്താതിരുന്നാൽ മാത്രം മതി.

## കമന്റ്

# സഭ്യതയുടെ സീമ ലംഘിക്കുന്നു


**കുശലാ രാജേന്ദ്രൻ**
സെന്റർ ഫോർ
എർത്ത് സയൻസ് സ്റ്റഡീസ്,
തിരുവനന്തപുരം - 10


### കമന്റ് മത്സരം തുടരുന്നു.

നഗ്നതാപ്രദർശനം പരസ്യങ്ങളുടെ ഗ്ലാമർ കൂട്ടുന്നുവോ അതോ നിലവാരം കുറയ്ക്കുന്നുവോ? സ്ത്രീകൾക്കെതിരെയുള്ള അവഹേളനം മറയില്ലാതെ പ്രകടിപ്പിക്കുകയല്ലേ ഈ വില്പനക്കാർ ചെയ്യുന്നത്? നിങ്ങളുടെ അഭിപ്രായം എഴുതി അയയ്ക്കുക.

**ഏറ്റവും നല്ല അഭിപ്രായത്തിന് 51 രൂപയുടെ സമ്മാനം.**

**അഭിപ്രായങ്ങൾ അയയ്ക്കേണ്ട വിലാസം,**

**പത്രാധിപ**
**കലാകൗമുദി വിമൻസ് മാഗസിൻ,**
**കേരള കൗമുദി കോംപ്ലക്സ്,**
**കൊച്ചിൻ-11.**

**കവറിനു മുകളിൽ 'കമന്റ്' എന്നെഴുതിയിരിക്കണം.**



സ്ത്രീകളുടെ ചിത്രം കൂടാതെയുള്ള പരസ്യങ്ങൾ ഇന്ന് വളരെ വിരളമായേ കാണാൻ കഴിയൂ. ഗൃഹോപകരണങ്ങൾ, വസ്ത്രങ്ങൾ, മേക്കപ്പ് സാധനങ്ങൾ എന്നിങ്ങനെ സ്ത്രീകളെ ആകർഷിക്കുന്ന വസ്തുക്കളുടെയെല്ലാം പരസ്യങ്ങൾ സുന്ദരിമാരുടെ വർണ്ണപ്പകിട്ടാർന്ന ചിത്രങ്ങളുടെ അകമ്പടിയോടെയാണ്. രേഖയുടെ സൗന്ദര്യത്തിന്റെയും, ശ്രീവിദ്യയുടെ ഇടതൂർന്ന കാർകൂന്തലിന്റേയും രഹസ്യങ്ങൾ പരസ്യങ്ങളാകുമ്പോൾ അരക്കൈ നോക്കാൻ പലരും തയ്യാറുമാണ്. ഇത്തരം പരസ്യങ്ങൾ ഉപഭോക്താക്കളെ ആകർഷിക്കുന്നുവെങ്കിൽ അത് ന്യായീകരിക്കാം.

എന്നാൽ ഇന്നത്തെ നില അതല്ല. ഏത് പരസ്യത്തിനും സ്ത്രീ സൗന്ദര്യം കൂടിയേ തീരൂ. കാറ്, പെയിന്റ്, സിഗരറ്റ് എന്നുവേണ്ട, ഷേവിംഗ് സോപ്പ്, ബൂട്ട് പോളീഷ് എന്നിവയുടെ പരസ്യങ്ങൾക്കുപോലും സ്ത്രീ സൗന്ദര്യം ഉപയോഗിക്കപ്പെടുന്നു. അതും കഴിയുന്നത്ര കുറച്ചു വസ്ത്രങ്ങളോടെ. പരസ്യങ്ങൾക്കായി കൊടുക്കുന്ന പല ചിത്രങ്ങളും സഭ്യതയുടെ സീമകൾ ലംഘിക്കുന്നവയുമാണ്.

ഇത്തരം പരസ്യങ്ങളിൽ സ്ത്രീ സൗന്ദര്യം, വില്പനയെ എന്തെങ്കിലും തരത്തിൽ സഹായിക്കുമെന്ന് തോന്നുന്നില്ല.

വായനക്കാരനെ ഒരു നിമിഷം പിടിച്ചു നിർത്തുക, അതു വഴി തങ്ങളുടെ ഉല്പന്നങ്ങൾ ഉപഭോക്താക്കളുടെ ശ്രദ്ധയിൽ കൊണ്ടുവരിക എന്നതാണ് ലക്ഷ്യമെങ്കിൽ എല്ലായ്പ്പോഴും സ്ത്രീ സൗന്ദര്യംതന്നെ പ്രദർശിപ്പിക്കണമെന്നുണ്ടോ? ഉദാഹരണത്തിന് പെയ്ന്റിന്റെ പരസ്യത്തിന് സ്ത്രീയുടെ ശരീരത്തെക്കാൾ, വർണ്ണച്ചിറകുകളുള്ള ഒരു പക്ഷിയോ, ചാരുതയാർന്ന ഒരു പൂങ്കുലയോ അല്ലേ ഉചിതം? ഒരു പ്രസിദ്ധ പെയ്ന്റ് കമ്പനിക്കാരുടെ പരസ്യം ശ്രദ്ധിക്കൂ, 'നിറങ്ങൾ കാണുമ്പോൾ ഞങ്ങളെക്കുറിച്ചോർമ്മിക്കുക' എന്ന ലിഖിതത്തോടെ നിറപ്പകിട്ടോടെ പ്രകൃതി ഒരുക്കിയിട്ടുള്ള പലതും അവർ വരച്ചു കാട്ടുന്നു.

മറ്റൊരു പരസ്യം. വോൾട്ടേജ് റെഗുലേറ്ററുകാരുടേതാണ്. ഫ്രിഡ്ജിന്റെ സുരക്ഷിതത്വം സൂക്ഷിക്കുകയാണല്ലോ റെഗുലേറ്റർ ചെയ്യുന്നത്. ഒരു കംഗാരു തന്റെ കുഞ്ഞിനെ സൂക്ഷിക്കുന്ന അത്ര ശ്രദ്ധയോടെ ഫ്രിഡ്ജിനെ സൂക്ഷിച്ചിരിക്കുന്നു. ഈ പരസ്യത്തിന് ലിഖിതത്തിന്റെ ആവശ്യമേയില്ല. ഇത്തരം ആശയങ്ങൾ പരസ്യങ്ങളെ കൂടുതൽ അർത്ഥവത്താക്കുന്നു. പരസ്യങ്ങൾക്ക് ഉൾക്കൊള്ളിപ്പെടുത്തുന്ന നഗ്നതയേക്കാൾ വിജയസാദ്ധ്യതയുണ്ടാക്കുന്നത് നൂതനങ്ങളായ ആശയങ്ങളും പുതുമയാർന്ന അവതരണവുമാണ്.

"അകാപ്പുൾകോ ടയേഴ്സ്" ഒരു സ്ത്രീയുടെ നഗ്നമായ ചിത്രം 1982-ലെ കലണ്ടറാക്കി പരസ്യത്തിന് ഉപയോഗിച്ചതിനെതിരായി അഖിലേന്ത്യാ ഫെഡറേഷൻ കോടതിയെ പോലും സമീപിക്കുകയുണ്ടായി. സ്ത്രീകളെ വില്പനച്ചരക്കുകളാക്കി, അവരുടെ നഗ്നത പ്രദർശിപ്പിച്ചു മുതലെടുക്കുന്ന ഈ ഏർപ്പാട് തികച്ചും അപമാനകരമാണ്. ഇത്തരം പ്രവണതകൾ നിയമം മൂലം തടയേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

**കുശലാ രാജേന്ദ്രന്**
**അഭിനന്ദനങ്ങൾ**


എല്ലാവർക്കും
വോൾട്ടെക്സ് സ്റ്റെബിലൈസർ
തന്നെ വേണം.
എനിക്കതിൻെറ shape ഉം കളർ സെലക ്ഷനും വളരെ ഇഷ്ടപ്പെട്ടു. കൂടാതെ പോളിഷ് ചെയ്യാവുന്ന auto ലാക്കർ പെയിൻറ് ആയതുകൊണ്ട് എത്ര വർഷം കഴിഞ്ഞാലും പുതുമ നഷ്ടപ്പെടുന്നില്ല.
അതിനകത്തു് ഉപയോഗിക്കുന്ന components ൻെറ quality യാണ് ഏററവും പറയത്തക്കതു്. മെററൽ ക്യാബിനററായതുകൊണ്ട് അതിനകത്തെ ട്രാൻസ്ഫോർമറിൻെറ ചൂട് ഉള്ളിൽ തങ്ങി നിൽക്കുകയെയില്ല.
കേരളമൊട്ടുക്കുമുള്ള 200ൽപ്പരം ഡീലർമാരും വില്പനാനന്തര സേവനവും ഒരു അനുഗ്രഹം തന്നെയാണ്. ജോലി സ്ഥലമാററം ഉണ്ടായാലും വോൾട്ടെക്സ് ഉപയോഗിക്കുന്നവർക്കു് ഒരു പ്രശ്നവുമില്ല.
വി-ഗാർഡ് ആണ് അതിൻെറ ഗ്യാരണ്ടി ഉറപ്പുതരുന്നതു്. കാരണം അവരാണ് അതിൻെറ Quality Control നോക്കുന്നതു്.
VOLTEX
Stabilizers
VOLTEX & V-STAR
സ്റ്റെബിലൈസറുകൾ മാത്രമെ
V-GUARD ൻെറ
സാങ്കേതിക സഹകരണത്തോടെ നിർമ്മിക്കുന്നുള്ളു
WAVES